05/07/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 5/07/2025

1. ഒരു രാജ്യത്തിന്റെ ഏറ്റവും പ്രമുഖമായ ട്രഷറി വിത്തുകളാണെന്നും വിത്തുകളുടെ അവകാശം പൂർണമായും കർഷകന്റെ കയ്യിൽ തന്നെ ആകണമെന്നും കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വിത്ത് ഗ്രാമം പദ്ധതി വഴി ഉല്പാദിപ്പിച്ച നെൽവിത്ത് വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത പ്രധാന നെൽവിത്തിനങ്ങളായ ഉമയും ജ്യോതിയും ബഹിരാകാശത്ത് വരെ എത്തിക്കാൻ സാധിച്ചുവെന്നും മണ്ണിൽ താരമായ ഉമ്മ വിത്ത് ഇന്ന് വിണ്ണിൽ താരമായിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു. കേരളത്തിന് അനുയോജ്യമായ വിത്തിനങ്ങൾ നമ്മുടെ നാട്ടിൽ നിന്നുതന്നെ ഉത്പാദിപ്പിക്കുവാൻ കഴിയണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി അധ്യക്ഷത വഹിച്ചു.

സംസ്ഥാനത്ത് കാലാവസ്ഥ അനുരൂപക കൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വേൾഡ് ബാങ്ക് സഹായത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന കേര പദ്ധതിയിലെ ഒരു സുപ്രധാന ഘടകമായ കുറഞ്ഞ മലിനീകരണ തോതിലുള്ള നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ അന്താരാഷ്ട്ര നെല്ല് ഗവേഷണ സ്ഥാപനവുമായി (ഐ.ആർ.ആർ.ഐ.) സുപ്രധാന കരാറിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒപ്പുവച്ചു. കേര അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. വിഷ്ണുരാജ് പി ഐ.എ.എസും ഐ.ആർ.ആർ.ഐയിലെ ഗവേഷണ ഡയറക്ടർ ഡോ. വീരേന്ദർ കുമാറും കരാറിൽ ഒപ്പുവച്ചു. കേരളത്തിലെ പ്രത്യേക കാലാവസ്ഥയെ പ്രതിരോധിക്കുന്നതും നൂതനവുമായ നെൽകൃഷി രീതികൾ വികസിപ്പിക്കാനും അത് കർഷകരിലേക്ക് എത്തിക്കാനും ഈ കരാറിലൂടെ വഴിയൊരുങ്ങും. ഐ.ആർ.ആർ.ഐ., കോർണൽ യൂണിവേഴ്സിറ്റി, കേരള കാർഷിക സർവകലാശാല, കേര സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (എസ്.പി.എം.യു) എന്നിവിടങ്ങളിലെ വിദഗ്ധർ ഒപ്പുവയ്ക്കൽ ചടങ്ങിൽ പങ്കെടുത്തു.

2. കേരളഅഗ്രിക്കൾച്ചറൽ യുണിവേഴ്സിറ്റിയിലെവെള്ളാനിക്കരയിലുള്ള ബയോ ടെക്നോളജി ഡിപ്പാർട്ട്മെന്റിൽ ടിഷ്യുക്കൾച്ചർ ഗ്രാൻഡ് നെയ്ൻ വാഴതൈകളും (Rs. 20/-) നല്ലയിനം ഇഞ്ചിതൈകളും (Rs. 5/-) വില്പനക്ക്. ഫോൺ നമ്പർ. 9048178101.

3. അന്താരാഷ്ട്ര ചക്ക ദിനമായ July 4 നോടനുബന്ധിച്ച് തൃശ്ശൂർ വടക്കെ സ്റ്റാന്റിനു സമീപമുള്ള എലൈറ്റ് സൂപ്പർമാർക്കറ്റിൽ ചക്ക ഉത്സവം സംഘടിപ്പിച്ചു. മൂന്നു ദിവസം നീളുന്ന ഉത്സവത്തിൽ ചക്കയെ അടിസ്ഥാനമാക്കിയുള്ള അമ്പതോളം ഉല്പന്നങ്ങൾ വിപണനമേളയിൽ ലഭിക്കും. പച്ചയും, പഴുത്തതുമായ ചക്കകൾക്ക് പുറമെ ചക്ക സൂപ്പ്, ചക്കപ്പായസം, ചക്കക്കുരു കാപ്പിപൊടി, ചക്കയപ്പം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചക്ക കട്‌ലറ്റ് തുടങ്ങിയ സ്വാദിഷ്ടമായ വിഭവങ്ങൾ ചക്കയുത്സവത്തിന്റെ ഭാഗമായുണ്ടാകും. വിഭവങ്ങളുടെ രുചി അറിയുന്നതിനുള്ള അവസരവും ഉണ്ടാകും.

4. കൃഷി സമൃദ്ധി പദ്ധതി പ്രകാരം കോതമംഗലം മുൻസിപ്പാലിറ്റി തലത്തിൽ രൂപീകരിച്ച 'കൃഷിക്കൂട്ട ഫെഡറേഷന്റെയും ഞാറ്റുവേല ചന്തയുടേയും ഉദ്ഘാടനം കോതമംഗലം എംഎൽഎ ആന്റണി ജോൺ നിർവ്വഹിച്ചു. ഞാറ്റുവേല ചന്തയിൽ തെങ്ങിൻ തൈകൾ, ഫലവൃക്ഷതൈകൾ പച്ചക്കറി തൈകൾ എന്നിവ വില്പനക്കായി എത്തിച്ചിട്ടുണ്ട്. ഇന്നു വൈകുന്നേരം 5 മണി വരെ തൈകൾ വാങ്ങാവുന്നതാണ്.

<u>പരിശീലന പരിപാടി</u>

6. "ഫലവർഗ്ഗ വിളകളിലെ കായിക പ്രവർദ്ധനം" (ബഡിങ്, ലയെറിങ്, ഗ്രാഫ്റ്റിംഗ്) എന്ന വിഷയത്തിൽ 14/07/2025 ന്, CAITT, വെള്ളായണി കാർഷിക കോളേജിൽ വെച്ച് ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

7. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ജൂലൈ 16 മുതൽ 17 വരെ 2

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസങ്ങളിലായി "തീറ്റപ്പുൽകൃഷി പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2025 ജൂലൈ 15-ന് വൈകുന്നരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യുണ്ടതാണ്. പങ്കെടുക്കുന്നവർക്ക് അർഹമായ ദിനബത്ത, യാത്രാബത്ത എന്നിവ ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പം ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ *പകർപ്പം പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ. ഫോൺ നം. 8089391209, 0476 2698550

8. **കാർഷിക നിർദേശം**

വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി പ്രതിരോധ നടപടികൾ സ്വീകരിക്കണം. വണ്ടുകൾ ചെടിയുടെ അവശിഷ്ട ഭാഗങ്ങളിലും അഴുകിയ വസ്തുക്കളിലുമാണ് ഒളിച്ചിരിക്കുന്നത്. ഇവയുടെ ആക്രമണം തടയുന്നതിന് ആദ്യമായി ചെയ്യേണ്ടത് കൃഷിയിടം വൃത്തിയാക്കി വെയ്ക്കുക എന്നതാണ്. വാഴയിൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണങ്ങിയ ഇലകൾ നീക്കം ചെയ്യുകയും വേപ്പിൻ സത്തടങ്ങിയ കീടനാശിനിരുപികകൾ 4 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി വാഴയുടെ തടഭാഗത്തും ഇലക്കവിളുകളിലും തളിക്കുന്നത് നല്ലതാണ്. ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ ക്ലോർപൈറിഫോസ് എന്ന കീടനാശിനി 2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി ഇലക്കവിളിൽ ഒഴിക്കുക. നേന്ത്രവാഴയ്ക്ക് ചിലയിടങ്ങളിൽ ബാക്ടീരിയമൂലം ഉണ്ടാകുന്ന മാണം അഴുകൽ രോഗം കാണുന്നുണ്ട്. മഞ്ഞളിക്കുകയും, വാഴക്കൈകൾ ഒടിയുകയും ക്രമേണ വാഴയുടെ ഇലകൾ വാഴ കടയോടെ മറിഞ്ഞുവീഴുകയും ചെയ്യും. വാഴയുടെ മാണം ചീഞ്ഞ് അഴുകിയതായും കാണാം. മണ്ണിലൂടെയാണ് രോഗം പകരുന്നത് എന്നതു കൊണ്ട് ഇത് നിയന്ത്രിക്കുന്നതിനായി നീർവാർച്ച ഉറപ്പുവരുത്തണം. ബ്ലീച്ചിംഗ് പൗഡർ ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ വാഴയൊന്നിന് 5 ലിറ്റർ എന്ന കണക്കിന് ഒഴിച്ചു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം